# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വെള്ളപൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും റോഡുകൾ പുനരുദ്ധാരണം</u>

5418 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും റോഡുകൾ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ ;

(ബി) പൊതുമരാമത്ത് ജോലികളുടെ നിരക്ക് വർദ്ധിച്ചതനുസരിച്ച് കാലോചിതമായി പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ റോഡിനും അനുവദിക്കുന്ന തുകയുടെ പരിധി നിശ്ചയിച്ചിട്ടുള്ളതു മാറ്റി മണ്ഡലംതോറും എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് നൽകാനും ആവശ്യമെങ്കിൽ റോഡുകളുടെ നീളം നിജപ്പെടുത്തുവാനും സർക്കാർ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

5419 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യു **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയായവക്ക് നൽകുന്നതിന് കാസർഗോഡ് ജില്ലക്ക് എത്ര തുക നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര തുക ഇതുവരെ ചെലവാക്കിയിട്ടുണ്ട്;

(സി) പണി പൂർത്തിയാക്കിയ എത്ര പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്;

(ഡി) തുക നൽകാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

5420 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി (ഫ്ളഡ് റിലീഫ്) യിലൂടെ റവന്യൂ വകുപ്പ് മരാമത്തുപണികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ തരത്തിലുള്ള മരാമത്തുപണികളാണ് പ്രസ്തുത പദ്ധതിയിലൂടെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്നത്;

(സി) ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്</u>

5421 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾക്ക് നൽകുന്നതിനുവേണ്ടി അനുവദിച്ച തുക കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ജില്ല തിരിച്ചുളള കണക്ക് വ്യക്തമാക്കുമോ;

(സി) ഫണ്ട് കെട്ടിക്കിടക്കാനുളള കാരണം വ്യക്തമാക്കുകയും ചെലവഴിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം - കാലവർഷക്കെടുതി എന്നിവയ്ക്ക് ലഭിച്ച കേന്ദ്രസഹായം</u>

5422 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം-കാലവർഷക്കെടുതികൾ എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംസ്ഥാനത്തിന് എത്ര രൂപ വീതം ലഭിച്ചിട്ടുണ്ട് എന്നും ലഭിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ കാലത്തെ നീണ്ടുനിന്ന കാലവർഷം മൂലം പൂർത്തീകരിക്കാത്ത ജോലികൾ പൂർത്തീകരിക്കുന്നതിന് സമയം നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രകൃതിക്ഷോഭം, കാലവർഷക്കെടുതി എന്നിവയുമായി ബന്ധപ്പെട്ട് ഓരോ നിയോജകമണ്ഡലത്തിനും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അനുവദിച്ച തുക വ്യക്തമാക്കാമോ;

(ഡി) അനുവദിച്ച തുക ചെലവഴിക്കാത്ത ഇടങ്ങളിൽ എന്തു നടപടികളാവും സ്വീകരിക്കുക എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി</u>

5423 ശ്രീ. എ.എ . അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്ന രീതി വ്യക്തമാക്കുമോ ;

(സി) ഇത്തരം ധനസഹായങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക

5424 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുകകൾ യഥാസമയം ഗുണഭോക്താക്കൾക്ക് വിതരണം നടത്താതെ ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ തുക അനുവദിച്ച് നൽകിയിട്ടും അർഹരായവർക്ക് നൽകാതെ കൃത്യവിലോപം കാട്ടുന്ന ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കൊല്ലം താലൂക്ക് ഓഫീസിൽ തുക അനുവദിച്ചു നൽകുകയും എന്നാൽ വിതരണം നടത്താത്തതുമായ എത്ര കേസുകൾ നിലവിലുണ്ടെന്നും, അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത തുക വിതരണം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം</u>

5425 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടിമിന്നൽ ഏറ്റ് മരണമടയുന്നവരുടെ കുടുംബത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇടിമിന്നൽ ഏറ്റ് നാശനഷ്ടം സംഭവിച്ച വീടുകളുടെ ഉടമസ്ഥർക്കോ, ചെറുകിട വ്യാപാരസ്ഥാപനങ്ങളുടെ ഉടമകൾക്കോ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ നഷ്ടപരിഹാരം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) കഴിഞ്ഞ വേനൽമഴയിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് 1 ലക്ഷം രൂപ വീതം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിലെ സുനാമി റീഹാബിലിറ്റേഷൻ പദ്ധതി</u>

5426 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി റീഹാബിലിറ്റേഷൻ പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം എന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളിൽ ഓരോന്നിനും മേൽനോട്ടം വഹിക്കുന്ന വകുപ്പുകൾ ഏതാണ് എന്ന് വ്യക്തമാക്കാമോ ;

(സി) അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ജില്ലാ ദുരന്ത സാധ്യത ലഘൂകരണ പരിപാടി</u>

5427 ശ്രീ. എം. വി. ശ്രേയാംസ്‌കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദുരന്ത സാധ്യത ലഘൂകരണ പരിപാടി എന്നാണ് നിവിൽ വന്നതെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ ദുരന്ത സാധ്യത ലഘൂകരണ പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയുടെ ഭൂപ്രകൃതിക്കനുസരിച്ചുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കാലവർഷത്തിൽ വയനാട്ടിലുണ്ടായ നാശനഷ്ടങ്ങൾ</u>

5428 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം കാലവർഷത്തിൽ വയനാട് ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനത്തിനായി എന്ത് തുക ചെലവഴിച്ചെന്നുള്ള താലൂക്ക് തല വിശദാംശങ്ങൾ നൽകുമോ ; എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ കാർഷിക വിളകൾക്കുണ്ടായ നഷ്ടം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ഫ്ളഡ് റോഡ് ഫണ്ട് വിനിയോഗിക്കാൻ അവസരം നൽകാൻ നടപടി</u>

5429

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ 2010 ഏപ്രിലിനു ശേഷം അനുവദിച്ച ഫ്ളഡ് റോഡുകളിൽ എഗ്രിമെന്റ് വയ്ക്കാൻ കഴിയാത്ത മുഴുവൻ പ്രവൃത്തികളും കാൻസൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവ് ഇറങ്ങി ഒരുവർഷം പോലും കഴിയാത്ത പ്രവൃത്തികൾ കഴിഞ്ഞ നിയമസഭാ പെരുമാറ്റ ചട്ടങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ യഥാസമയം എ.എസ്. നൽകാൻ കഴിയാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ അവസരം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ</u>

5430 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എം. എൽ. എ. ഫണ്ടിൽ നിന്നും പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലുമായി ഏതെല്ലാം റോഡുകൾ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി എന്ന് സാമ്പത്തിക വർഷങ്ങൾ തിരിച്ച് റോഡുകളുടെ പേരുസഹിതം വ്യക്തമാക്കുമോ;

(ബി) ശുപാർശ ചെയ്ത പ്രവൃത്തികളിൽ ഇനിയും ഉത്ഘാടനം കഴിഞ്ഞിട്ടില്ലാത്തതും പൂർത്തിയാക്കാനുള്ളതുമായ റോഡുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; ആയതിന്റെ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത റോഡുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഇരിട്ടി തന്തോട് റോഡിന്റെ നാശനഷ്ടത്തിനും അപകടാവസ്ഥയ്ക്കും പരിഹാരം</u>

5431 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി-തളിപ്പറമ്പ് സംസ്ഥാന ഹൈവേയിൽ ഇരിട്ടി തന്തോട് എന്ന സ്ഥലത്ത് റോഡിന്റെ അരികിൽ പുഴയോരത്തിന്റെ മണ്ണ് ഇടിഞ്ഞ് റോഡിന് നാശനഷ്ടവും ഗുരുതരമായ അപകടാവസ്ഥയും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലാ നവീകരണ പദ്ധതി</u>

5432 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ നവീകരണ പദ്ധതികൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇവ നടപ്പിലാക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>നദികൾക്ക് കുറുകെ നടപ്പാലങ്ങൾ നിർമ്മിച്ച് നൽകുവാൻ പദ്ധതികൾ</u>

5433 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടത്ത് വഞ്ചികൾ ഉപയോഗിച്ച് നിലവിൽ യാത്രചെയ്യുന്നതും, അപകടം വരാൻ സാദ്ധ്യതയുള്ളതുമായ സ്ഥലങ്ങളിൽ നദികൾക്ക് കുറുകെ നടപ്പാലങ്ങൾ നിർമ്മിച്ച് നൽകുവാൻ ഉതകുന്ന ഏതെങ്കിലും പദ്ധതികൾ കേന്ദ്ര/സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റവന്യു വകുപ്പ് നടപ്പിലാക്കുന്നുണ്ടോ ;

(ബി) വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ്</u>

5434 ശ്രമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് കമ്മിറ്റി രൂപീകരിച്ചത് എന്നാണ്;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ നടത്തുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്;

(സി) ഓരോ പ്രവർത്തിയുടേയും അടങ്കൽ തുകയുടെയും നാളിതുവരെ ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ബി.ടി. ആർ രജിസ്റ്റർ</u>

5435 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വസ്തുവിന്റെ ഇപ്പോഴത്തെ അവസ്ഥ അവലംബമാക്കി ബി. ടി. ആർ രജിസ്റ്റർ പരിഷ്കരിക്കുമോ ;

(ബി) ഇതിനായി ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി</u>

5436 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകളിൽ നിന്ന് ഏതെല്ലാം സേവനങ്ങളാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ മുഴുവൻ വില്ലേജുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ
കമ്പ്യൂട്ടർവൽക്കരണം

5437 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യു **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ കംപ്യൂട്ടർ വൽക്കരണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ; കംപ്യൂട്ടർ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും ഫണ്ട് ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകളുടെ പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ചെര്‍പ്പുളശ്ശേരി വില്ലേജിന്റെ വിഭജനം

5438 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷൊര്‍ണ്ണൂര്‍ മണ്ഡലത്തിലെ ചെര്‍പ്പുളശ്ശേരി വില്ലേജിന്റെ അധികാര പരിധി വളരെ കൂടുതലായതുകാരണം ആ പ്രദേശത്തെ ജനങ്ങള്‍ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് പ്രസ്തുത വില്ലേജിനെ രണ്ടായി വിഭജിക്കുന്ന കാര്യം അനുഭാവപൂര്‍വ്വം പരിഗണിക്കുമോ;

(സി) എങ്കില്‍ ഇതിന്റെ തുടര്‍നടപടികള്‍ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പുതിയ ജില്ലകളും താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്നതിന് നടപടി</u>

5439 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ ജില്ലകളും, താലൂക്കുകളും, വില്ലേജുകളും രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ല വിഭജിച്ച്, തിരൂര്‍ കേന്ദ്രമാക്കി ഒരു പുതിയ ജില്ല രൂപീകരിക്കുവാന്‍ നീക്കമുണ്ടോ ;

(സി) പള്ളിക്കല്‍ വില്ലേജ് വിഭജിച്ച്, കരിപ്പൂര്‍ കേന്ദ്രമാക്കി പുതിയ വില്ലേജ് രൂപീകരിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് അതിർത്തി പുനർനിർണ്ണയം</u>

5440 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തി ഉത്തരവിറക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് വില്ലേജ് അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വില്ലേജ് അതിർത്തി പുനർനിർണ്ണയം നടത്തി ഉത്തരവിറക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) വില്ലേജ് അതിർത്തി നിർണ്ണയ നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കൊല്ലം താലൂക്ക് വിഭജനം</u>

5441 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ</u>

5442 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ താലൂക്കുകളും വില്ലേജുകളുമാണ് വിഭജിക്കണമെന്ന ആവശ്യം ഉയർന്നിട്ടുള്ളത്;

(സി) കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ ഏറനാട് പെരിന്തൽമണ്ണ താലൂക്കുകളെ വിഭജിച്ച് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>പുതിയ വില്ലേജ് ഓഫീസുകൾ</u>

5443 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വലിയ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏറനാട് താലൂക്കിലെ ഏതെല്ലാം വില്ലേജുകളാണ് പ്രസ്തുത പട്ടികയിലുളളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മേഞ്ഞാണ്യം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം</u>

5444 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മേഞ്ഞാണ്യം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പുതിയ കെട്ടിടത്തിലേക്ക് വില്ലേജ് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ പുതുക്കിപ്പണി</u>

5445 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ എത്ര വില്ലേജ് ഓഫീസുകൾ പുതുക്കിപ്പണിയുന്നതിന് 2011-12 വർഷത്തെ ബഡ്ജറ്റിൽ തുക വകകൊളളിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര വില്ലേജ് ഓഫീസുകൾ പുതുക്കിപ്പണിയുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്;

(സി) പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നേമം നിയമസഭാ നിയോജകമണ്ഡലത്തിലെ വില്ലേജാഫീസുകളുടെ വിശദവിവരം</u>

5446 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയമസഭാ നിയോജകമണ്ഡലത്തിൽ എത്ര റവന്യൂ വില്ലേജുകളാണ് ഉള്ളത് ;

(ബി) അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ .

(സി) പ്രസ്തുത വില്ലേജാഫീസുകളിലെ വില്ലേജ് ഓഫീസർമാരുടെ പേര്, മൊബൈൽ ഫോൺ നമ്പർ, ഓഫീസ് ഫോൺ നമ്പർ എന്നിവ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ യു.ഡി.സി / വില്ലേജ് ആഫീസർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത്</u>

5447 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ യു.ഡി.സി., വില്ലേജ് ആഫീസർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ജില്ലയിലെ വില്ലേജ് അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചോ; ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ;

(സി) ജില്ലയിലെ യു.ഡി.സി., വില്ലേജ് ആഫീസർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>താലൂക്ക് ആശുപത്രിയിലെ ക്ലാർക്കുമാരുടെ സ്ഥലംമാറ്റം</u>

5448 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ഓഫീസിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്ന സീറ്റിലെ മൂന്നു വർഷം പൂർത്തിയാകാത്ത ക്ലാർക്കുമാരെ സ്ഥലം മാറ്ററുതെന്നോ സീറ്റ് മാറ്ററുതെന്നോ നിർദ്ദേശിക്കുന്ന ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രാബല്യത്തിലിരിക്കെ ചേർത്തല താലൂക്ക് ഓഫീസിൽ സി.എം.ഡി.ആർ.എഫ്. സീറ്റ് കൈകര്യം ചെയ്യുന്ന ക്ലാർക്കിനെ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിപരീതമായി ഈ സർക്കാരിന്റെ കാലയളവിൽ മാറ്റിയിട്ടുണ്ടോ എന്നു പറയാമോ ;

(സി) പ്രസ്തുത ക്ലാർക്ക് പ്രസ്തുത സീറ്റിൽ എത്ര മാസം ജോലി ചെയ്തു എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത വ്യക്തിയെ സീറ്റിൽ നിന്നും മാറ്റി ഉത്തരവിറക്കിയത് ആരാണെന്നു പറയാമോ ;

(ഡി) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്രകാരം ക്ലാർക്കിനെ മാറ്റി ഉത്തരവിറക്കിയ ഓഫീസ് മേധാവിക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

രാജേഷ് കുമാറിന്റെ ചികിത്സാ ചെലവുകൾ റീഇംബേഴ്സ് ചെയ്ത് ലഭിക്കാത്തത് സംബന്ധിച്ച്

5449 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്ക് ആഫീസിൽ പ്യൂണായി ജോലി നോക്കി വരുന്ന ശ്രീ. രാജേഷ്കുമാറിന്റെ ചികിത്സാ ചെലവുകൾ റീഇംബേഴ്സ് ചെയ്യുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫയലുകൾ ഏത് ഓഫീസിൽ ആണ് കൈകാര്യം ചെയ്യുന്നത് എന്ന് വിശദമാക്കുമോ :

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നടപടി</u>

5450 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് വില്ലേജിൽ പറപ്പേരി പ്രദേശത്ത് റേഷൻകാർഡും, തിരിച്ചറിയൽ കാർഡുമുള്ള 20 ഓളം പട്ടികജാതി-കുറുവ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ പല വില്ലേജ് ഓഫീസുകളേയും സമീപിക്കേണ്ട അവസ്ഥയുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ തൃപ്രങ്ങോട് വില്ലേജിൽ നിന്ന് തന്നെ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള ശുപാർശ നൽകാൻ ആവശ്യമായ നിർദ്ദേശം നൽകി സർക്കാർ ഉത്തരവാക്കുന്ന കാര്യം പരിഗണിക്കുമോ ; എന്ന് പ്രസ്തുത ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

ജാതി സർട്ടിഫിക്കറ്റ് വിതരണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

5451 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാതി സർട്ടിഫിക്കറ്റുകൾ നൽകാൻ ഉത്തരവാദിത്വപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകാൻ ജാതി-മത സംഘടനകളുടെ സർട്ടിഫിക്കറ്റുകളും, ശുപാർശകളും ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ജാതി-മത സംഘടനകളിൽ നിന്നും സർട്ടിഫിക്കറ്റുകളോ ശുപാർശകളോ ഹാജരാക്കാത്തതുമൂലം ജാതി സർട്ടിഫിക്കറ്റുകൾ നൽകിയില്ല എന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം പരാതികളിന്മേൽ എന്ത് നടപടികൾ കൈക്കൊണ്ടു എന്നകാര്യം വ്യക്തമാക്കുമോ;

(ഡി) ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ആവശ്യമായ അന്വേഷണം നടത്തുവാനും പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് സമുദായ സംഘടനകളുടെ ശുപാർശയും സാക്ഷ്യപത്രവും ആവശ്യപ്പെടരുതെന്നും റവന്യൂ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് സർക്കുലർ പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

വസ്തുതർക്ക പരിഹാര അദാലത്തുകൾ

5452

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി സംബന്ധമായി നിരവധി കേസ്സുകൾ കോടതികളിൽ എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമി സംബന്ധമായ തർക്കങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) മാസത്തിൽ ഒരു ദിവസം വീതം എല്ലാ വില്ലേജ് മേഖലകളിലും വസ്തുതർക്ക പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) എങ്കിൽ ഇതിനു വേണ്ട നിയമ പരിരക്ഷയും മറ്റും സമ്പാദിക്കുന്നതിനാവശ്യമായനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയമവകുപ്പിന്റെ കൂടി സഹകരണം തേടുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>റവന്യൂ അദാലത്തുകൾ</u>

5453 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ അദാലത്തുകൾ കൂടുതൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഐ. എൽ. ഡി. എം. - അസിസ്റ്റന്റ് പ്രൊഫസർ നിയമനം</u>

5454 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമനം നടത്തിയിരുന്നുവോ; എങ്കിൽ എന്ന് നിയമനം നടത്തി; ആരെയൊക്കെയാണ് നിയമിച്ചതെന്നും അവരുടെ യോഗ്യതകളും വെളിപ്പെടുത്തുമോ;

(ബി) 19.01.2010-ലെ ILDM/565/2010/E വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയിലേക്ക് എത്ര അപേക്ഷ ലഭിച്ചു; ആരിൽ നിന്നെല്ലാം; അവരുടെ പേരും വിലാസവും യോഗ്യതകളും വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു; അസിസ്റ്റന്റ് പ്രൊഫസർ തസ്തിക താൽക്കാലിക/കരാർ നിയമനമാണോ, സ്ഥിരം നിയമനമാണോ എന്ന് വ്യക്തമാക്കുമോ; കരാർ നിയമനമാണെങ്കിൽ നിശ്ചിതവേതനത്തിന് പകരം ശമ്പള സ്കെയിൽ അനുവദിക്കാൻ കാരണമെന്ത്;

(ഡി) ഒരു വർഷക്കരാർ നിയമനങ്ങൾക്ക് 6 മാസകാലാവധി പ്രൊബേഷൻ നിശ്ചയിച്ചത് നിയമാനുസരണമാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) നിയമനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ലാന്റ് ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം</u>

5455 ശ്രീ. കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്
,, പി.സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിനുകീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) മിഷന്റെ കീഴിൽ വരുന്ന പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പട്ടയം ലഭിച്ച ഭൂമിയിലെ തടസ്സങ്ങള്‍</u>

5456 ശ്രീ. കെ.കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 1964 ലെയും 1993 ലെയും നിയമപ്രകാരം ജനകീയ ഗവണ്‍മെന്റുകള്‍ നല്‍കിയ പട്ടയങ്ങളില്‍ പട്ടയക്കാരന് വീടു വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും പുറമേ മറ്റെന്തെങ്കിലും അവകാശം നല്‍കിയിരുന്നുവോ;

(ബി) ഇപ്രകാരം പട്ടയം ലഭിച്ച ഭൂമിയില്‍ വ്യാപാര സ്ഥാപനങ്ങള്‍, ലോഡ്ജ്, റിസോര്‍ട്ട് എന്നിവ പണിയുന്നതിന് നിയമപ്രകാരം എന്തെങ്കിലും തടസ്സങ്ങള്‍ നിലനില്‍ക്കുന്നുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത തടസ്സങ്ങള്‍ എങ്ങനെ പരിഹരിക്കാനാണ് ആലോചിക്കുന്നത്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഡാമിന്റെ കാച്ച്മെന്റ് ഏരിയയിൽ താമസിക്കുന്നവർക്കു പട്ടയം</u>

5457 ശ്രീ. എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഡാമുകളുടെ കാച്ച്മെന്റ് ഏരിയയിൽ താമസിക്കുന്ന ആളുകൾ പട്ടയമില്ലാതെയും കൈവശരേഖ ഇല്ലാതെയും ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതൊക്കെ ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ പ്രദേശങ്ങളിലാണ് മേൽപറഞ്ഞ രീതിയിൽ പട്ടയവും കൈവശരേഖയും ഇല്ലാതെ ആളുകൾ താമസിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് പട്ടയം/കൈവശ രേഖ നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പട്ടയ വിതരണം</u>

5458 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് റവന്യൂ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട് ;

(ബി) ഏതെല്ലാം ജില്ലകളിൽ എത്ര അളവ് ഭൂമിക്ക് ഇപ്രകാരം പട്ടയം നൽകിയിട്ടുണ്ട് ;

(സി) ജില്ല തിരിച്ച് ഭൂമി ലഭിച്ചവരുടെ (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരൊഴികെ) മേൽവിലാസവും ഭൂമിയുടെ അളവും ഏതു സാഹചര്യത്തിലാണ് ഓരോരുത്തർക്കും ഭൂമി നൽകിയതെന്നുമുള്ള വിശദീകരണം സഹിതം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ചെങ്ങറ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥ

5459 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങറ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് പ്രകാരം എത്ര കുടുംബങ്ങൾക്കാണ് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകിയിട്ടുള്ളത് ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇവർക്ക് ഭൂമി നൽകിയിട്ടുള്ളത്;

(സി) ഇവർക്ക് നൽകിയിട്ടുള്ള ഭൂമിയെക്കുറിച്ച് പ്രസ്തുത കുടുംബങ്ങൾ എന്തെങ്കിലും പരാതി ഉന്നയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കരിങ്കുളം വില്ലേജിൽ പട്ടയത്തിന്</u>
<u>വേണ്ടി മേൽ നടപടി</u>

5460 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിങ്കുളം വില്ലേജിൽ നിന്ന് പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ആരുടെയൊക്ക അപേക്ഷകളാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഓരോന്നിനും മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത അപേക്ഷകർക്ക് എന്ന് പട്ടയം നല്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കോട്ടുകാല്‍ വില്ലേജില്‍ നിന്ന് പട്ടയത്തിന് നടപടി</u>

5461 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോട്ടുകാല്‍ വില്ലേജില്‍ നിന്ന് പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട്; അവ ആരുടെയൊക്കെ അപേക്ഷകളാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളില്‍ ഓരോന്നിനും മേല്‍ എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത അപേക്ഷകര്‍ക്ക് എന്ന് പട്ടയം നല്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം</u>

5462 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട എത്ര പേർ പട്ടയം, കൈവശരേഖ എന്നിവക്കായി അപേക്ഷ നൽകിയിരുന്നു; ഇതിൽ അർഹതപ്പെട്ട എത്ര അപേക്ഷകർ ഉണ്ട്; അവരുടെ പേരും വിലാസവും അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിൽ തീരദേശ മേഖലയിലെ പട്ടയ വിതരണം</u>

5463 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ തീരദേശ മേഖലയിൽ നിന്നും പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കല്ലിയൂർ വില്ലേജിലെ കണ്ടുകൃഷി ഭൂമി</u>

5464 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കല്ലിയൂർ വില്ലേജിലെ കണ്ടുകൃഷി ഭൂമി പതിവ് സംബന്ധിച്ച് വെങ്ങാനൂർ നെല്ലിവിള, ജെ.എസ്.ഭവനിൽ ശ്രീമതി പ്രീത സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ നടപടിയെടുക്കാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നാണ് ലാന്റ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതു വരെ എന്തെല്ലാം നടപടികളെടുത്തു;

(ഡി) പ്രസ്തുത നിർദ്ദേശപ്രകാരം അപേക്ഷകയ്ക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സം എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) അപേക്ഷകയ്ക്ക് എന്ന് പട്ടയം നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കേരള ഭൂപരിഷ്കരണ ചട്ടങ്ങൾ</u>

5465 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടിയ ഭൂമി കൈമാറ്റം ചെയ്യുന്നതിനായി നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മിച്ചഭൂമി പതിവുകളുടെ കൈമാറ്റ കാലയളവ് നിലവിൽ എത്ര വർഷമായാണ് നിശ്ചയിച്ചിരിക്കുന്നത്; കൈമാറ്റം ചെയ്യാനുള്ള കാലാവധി ദീർഘിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ എന്തു തീരുമാനമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) മിച്ചഭൂമിയായി ലഭിച്ച ഭൂമി കൈമാറ്റ നിരോധന കാലയളവിൽ നടന്ന കൈമാറ്റങ്ങൾ സാധൂകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മിച്ചഭൂമി കൈമാറ്റങ്ങൾ സാധൂകരിക്കുന്നതിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആരെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുക കൈമാറ്റങ്ങൾ സാധൂകരണം നടത്തി ഭൂനികുതി ഉൾപ്പെടെയുളളവ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

മിച്ചഭൂമി കൈമാറ്റങ്ങൾ തടയുന്നതിന് നടപടി

5466 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമിയായി നൽകിയ കായൽ നിലങ്ങൾ ഭൂമാഫിയ കൈയ്യടക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കൈമാറ്റങ്ങൾ ഗൗരവമായി പരിശോധിക്കാൻ തയ്യാറാകുമോ;

(സി) ഇത്തരം കൈമാറ്റങ്ങളെ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ആറളത്തെ ആദിവാസി ഭൂമി</u>

5467 ശ്രീ. കെ. കെ. നാരായണൻ
,, ജെയിംസ് മാത്യു
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറളത്ത് ആദിവാസികൾക്ക് നൽകിയ ഭൂമി ആദിവാസികളല്ലാത്തവർ കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ</u>

5468 ശ്രീ. എം. എ. ബേബി
,, ബി. ഡി. ദേവസ്സി
,, സാജു പോൾ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി സംബന്ധമായ കേസ്സുകളുടെ പരിഗണനയ്ക്ക് രൂപീകരിക്കപ്പെട്ട മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;

(ബി) പ്രവർത്തിക്കാനാവശ്യമായ ജീവനക്കാരുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് ഇനിയും കേസുകൾ വിടേണ്ടതായിട്ടുണ്ടോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>മൂന്നാറിലെ ഭൂമി കയ്യേറ്റം</u>

5469

ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകൾ നേരത്തേ കേൾക്കണമെന്ന് സർക്കാർ ആവശ്യപ്പെടുമോ;

(ബി) അക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മൂന്നാറിൽ കയ്യേറ്റ ഭൂമിയിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റാതെ ഏറ്റെടുത്ത് സംരക്ഷിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചത് ഏത് നിയമത്തിന്റെ / ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കോടതി സ്റ്റേ നീക്കുന്നതിന് നടപടി</u>

5470 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖയിലുള്ള ഗ്രാമീണ റോഡുകൾ കൈയ്യേറി കൈവശം വയ്ക്കുകയും, കോടതിയിൽ സ്റ്റേ കൊടുത്ത് റോഡു പ്രവർത്തനത്തിന് തടസ്സം നിൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കോടതി സ്റ്റേ നീക്കുന്നതിനും, കയ്യേറിയ സ്ഥലം തിരിച്ചുപിടിക്കുന്നതിനുമായി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിലെ ഭൂമി കൈയ്യേറ്റം</u>

5471 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുളളിൽ വൈക്കം നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ഭൂമി കൈയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി കയ്യേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും ഒഴിവാക്കുന്നതിനുമായി റവന്യൂ വകുപ്പിന്റെ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

**കടലോര പ്രദേശങ്ങളിൽ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈവശപ്പെടുത്തുന്നതിനെതിരെ നടപടി**

5472 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, എ. പ്രദീപ്കുമാർ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ സർക്കാർ ഭൂമിയും കെട്ടിടങ്ങളും വ്യാപകമായി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ അന്വേഷണം നടത്തി, തുടർ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കിനാലൂര്‍ എസ്റ്റേറ്റിലെ പുറമ്പോക്ക് ഭൂമി</u>

5473 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് കിനാലൂര്‍, കാന്തലാട് വില്ലേജുകളിലുള്‍പ്പെട്ട കൊച്ചിന്‍ മലബാര്‍ എസ്റ്റേറ്റ് ആന്റ് ഇന്‍ഡസ്ട്രീസ് വക ഭൂമിയില്‍ നികുതി കെട്ടാത്ത ഭൂമി, പുഴ പുറമ്പോക്ക്, റവന്യൂ ഭൂമി മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ എത്ര വീതം ഭൂമിയുണ്ട്;

(ബി) അവയുടെ സര്‍വ്വേ നമ്പര്‍ അടിസ്ഥാനത്തിലുള്ള അളവ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഏറ്റെടുത്ത ഭൂമിയുടെ അളവ്</u>

5474 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം എത്ര ഭൂമി അളവ് ഏറ്റെടുത്തു;

(ബി) അതിൽ എത്ര ഏക്കർ ഏലമലക്കാടുകളുണ്ട്; ഈ ഏലമലക്കാടുകളുടെ നിയന്ത്രണം ഏതെല്ലാം വകുപ്പുകൾക്കാണ്; ഒന്നിൽകൂടുതൽ വകുപ്പുകൾക്ക് നിയന്ത്രണമുണ്ടെങ്കിൽ ഓരോ വകുപ്പിന്റെയും ചുമതല എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതേറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള ഏലത്തോട്ട ഉടമകൾ എത്ര, ഇവർ ഈ ഇനത്തിൽ എത്ര തുക വീതം പാട്ടകുടിശ്ശിക തീർക്കാനുണ്ട് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ലാന്റ് അക്വിസിഷന് പുതിയ തസ്തികകള്‍</u>

5475 ശ്രീ. മോന്‍സ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യു **വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷമതകള്‍ പരിഹരിക്കുന്നതിന് ലാന്റ് അക്വിസിഷന് വേണ്ടി പുതിയ തസ്തികകള്‍ സൃഷ്ടിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) ലാന്റ് റവന്യു കമ്മീഷണര്‍ ഓഫീസും അതാത് കളക്ടറേറ്റുകളിലെ ലാന്‍ഡ് അക്വിസിഷന്‍ വിഭാഗവും തമ്മില്‍ ഒരു കോ-ഓര്‍ഡിനേഷന്‍ ഉണ്ടാക്കി തീര്‍ക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഭൂമി ഏറ്റെടുക്കല്‍ സംബന്ധിച്ച് സംസ്ഥാനത്ത് കാലാകാലങ്ങളായി നിലനില്‍ക്കുന്ന പരാതികള്‍ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യഭൂമി ഏറ്റെടുക്കുമ്പോൾ നൽകേണ്ടുന്ന നഷ്ടപരിഹാരം</u>

5476 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ് കുമാർ
,, എസ്. ശർമ്മ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യസംരംഭകർക്ക് ഭൂമി അക്വയർ ചെയ്ത് നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഭൂവുടമകൾക്ക് നൽകിയ ഏറ്റവും മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പദ്ധതിയും ഏതായിരുന്നു ; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വ്യവസ്ഥകൾ</u>

T 5477 ശ്രീ. കെ.എൻ.എ. ഖാദർ
,, പി.ബി. അബ്ദുൾ റസാക്
,, വി.എം. ഉമ്മർമാസ്റ്റർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്ക്ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വ്യവസ്ഥകൾ പുതുക്കി നിശ്ചിയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വിഷയത്തിൽ തയ്യാറാക്കിയ വ്യവസ്ഥകൾ തന്നെയാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളം അംഗീകരിച്ചിട്ടുള്ള പുതിയ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് സംക്ഷിപ്തമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ മട്ടന്നൂരിൽ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക്</u>

5478 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിലും കീഴല്ലൂർ ഗ്രാമപഞ്ചായത്തിലുമായി കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ഏത് ഉത്തരവു പ്രകാരമാണ് ആരംഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലാന്റ് അക്വിസിഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(സി) ഫാസ്റ്റ് ട്രാക്ക് സംവിധാനപ്രകാരമുള്ള ലാന്റ് അക്വിസിഷൻ നടപടി കാലതാമസമില്ലാതെ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആയുർവ്വേദ ഡിസ്പെൻസറിക്ക് ഭൂമി</u>

5479 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് ആയുർവ്വേദ ഡിസ്പെൻസറിക്കു വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിനു സമീപത്തെ പുറമ്പോക്കു ഭൂമിയിൽ നിന്ന് 40 സെന്റ് സ്ഥലം അനുവദിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ലാന്റ് അക്വിസിഷന് അനുമതി നൽകാൻ നടപടി

5480 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിനാലൂർ എസ്റ്റേറ്റ് വക ഏകദേശം 2000 ത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കാൻ കെ.എസ്.ഐ.ഡി.സി. സർക്കാരിനോട് അനുമതിക്കായി അപേക്ഷിച്ചിരുന്നോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(സി) കോഴിക്കോട് ജില്ലയുടെ സമഗ്ര വികസനത്തിനായി ലക്ഷ്യമിടുന്ന ഈ ലാന്റ് അക്വിസിഷൻ നടപടിക്ക് എത്രയും വേഗം അനുമതി നൽകാൻ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

ബേപ്പൂർ - ചെറുവണ്ണൂർ റോഡ് വികസന പ്രവർത്തനങ്ങൾ

5481 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ബേപ്പൂർ-ചെറുവണ്ണൂർ റോഡ് വീതികൂട്ടി ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലമെടുപ്പ് എന്ന് പൂർത്തിയാക്കാനാകും ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്ക് ലാന്റ് അക്വയർ ചെയ്യുന്നതിന് നടപടി</u>

5482 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് ലാന്റ് അക്വിസിഷൻ തഹസിൽദാർ ഓഫീസിൽ ലാന്റ് അക്വയർ ചെയ്യുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ അപേക്ഷയും ലഭിച്ച തീയതി, ഫയൽ നമ്പർ, വിശദാംശങ്ങൾ, ഇതുവരെ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ;

(സി) 3 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള എത്ര ഫയലുകളുണ്ടെന്ന് ഫയൽ നമ്പർ, വിഷയം എന്നിവ സഹിതം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ചെറുവണ്ണൂർ - കൊളത്തറ റോഡ് വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കാൻ നടപടി

5483

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ - കൊളത്തറ റോഡ് വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കാൻ എന്നാണ് ഉത്തരവിറക്കിയത് ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഭൂമി ഏറ്റെടുക്കലിന് കാലതാമസമുണ്ടാകാൻ കാരണമെന്താണ് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

<u>ഫറോക്കിൽ നിർമ്മിക്കുന്ന റെയിൽവേ ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന് ഭൂമി</u>

5484 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ ഫറോക്കിൽ നിർമ്മിക്കുന്ന റെയിൽവേ ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി പൊന്നുംവിലക്കെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ആര്‍. ഡി. ഓഫീസ് കോര്‍പ്പറെടന് വിട്ട് നല്‍കാന്‍ നടപടി

5485 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് നഗരത്തിലെ പഴയ ആര്‍. ഡി. ഒ. ഓഫീസ് കോമ്പൗണ്ട് കോര്‍പ്പറേഷന് വിട്ട് നല്കാന്‍ മുന്‍ സര്‍ക്കാര്‍ തീരുമാനിച്ചിരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ കൈക്കൊണ്ടിട്ടുണ്ട് ;

(സി) എത്രയുംവേഗം പ്രസ്തുത തീരുമാനം പ്രാവര്‍ത്തികമാക്കാന്‍ നടപടി കൈക്കൊളളുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവില</u>

5486

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഭൂമിയുടെ ന്യായവില പുന:ക്രമീകരിക്കുന്നതു സംബന്ധിച്ച റീസർവേ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഫെയർവാല്യൂ പുന:ക്രമീകരിക്കാൻ സർക്കാരിന്റെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നിലം നികത്തൽ, മണൽ കടത്ത്, ഭൂമികയ്യേറ്റം എന്നിവ തടയുന്നതിന് നടപടി</u>

5487 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനധികൃത നിലം നികത്തൽ, മണൽകടത്ത്, ഭൂമി കയ്യേറ്റം എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്;

(ബി) ഇവ കർശനമായി നേരിടുന്നതിന് കളക്ടർമാർക്ക് എന്തെല്ലാം അധികാരങ്ങളും സൗകര്യങ്ങളുമാണ് നൽകിയിട്ടുള്ളത്;

(സി) ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ക്വാഡുകൾ രൂപീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നിലം നികത്തുന്നതുമായി ബന്ധപ്പെട്ട റവന്യൂ കേസുകൾ</u>

5488 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ നിലം നികത്തൽ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്കിൽ നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) കൊട്ടാരക്കരയിൽ രാത്രികാലത്ത് നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് ടിപ്പർ ലോറിയിൽ വൈദ്യുതാഘാതമേറ്റ് ഒരാൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

നെൽവയൽ നികത്തുന്നത് തടയാൻ നടപടി

5489 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൾ മണ്ഡലത്തിൽ ഉൾപ്പെട്ട ചെറിന്നിയൂർ ഗ്രാമ പഞ്ചായത്തിൽ വ്യാപകമായി വയൽ നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) നെൽവയൽ നികത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വയലുകൾ നികത്തുന്നത് തടയാൻ റവന്യൂ - പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പാടം നികത്തി ആര്യാസ് ഹോട്ടൽ നിർമ്മാണം</u>

5490 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തൃശൂർ പുഴക്കൽ പാടത്ത് ഐ.എം.എ ബ്ലഡ് ബാങ്ക് എന്ന ബോർഡ് വെച്ച് റവന്യൂ അധികാരികളുടെ സഹായത്തോടുകൂടി പാടം നികത്തി ആര്യാസ് എന്ന ഹോട്ടൽ തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.എം.ഐ യ്ക്ക് വേണ്ടിയാണെന്നും, ലയൺസ് ക്ലബ് സ്പോൺസർ ചെയ്യുന്നതാണെന്നും ബോർഡ് വച്ച് ആണ് ആര്യാസ് ഹോട്ടൽ ഉടമ അന്ന് പുഴക്കൽ പാടം നികത്തിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിന് സഹായം ചെയ്ത റവന്യൂ അധികാരികളുടെ പേരിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പഞ്ചകർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം</u>

5491 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പഞ്ചകർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുവാൻ അനുമതിക്കായി ബി.5/33454/2001 നമ്പരായി 29.06.11-ൽ തൃശ്ശൂർ കളക്ടറേറ്റിൽ നിന്നും ലാന്റ് റവന്യൂ കമ്മീഷണർക്ക് കത്തയച്ചിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തൃശ്ശൂർ ജില്ലാ കളക്ടറുടെ പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) കേരളത്തിലെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക ലാപ്സാകാതിരിക്കുവാൻ ആശുപത്രി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനാവശ്യമായ അനുമതി നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഭൂപരിധി ഇളവ് അനുവദിക്കാവുന്ന തോട്ടവിളയായി കശുമാവ് കൃഷിയെ അംഗീകരിക്കുവാൻ നടപടി</u>

5492 ശ്രീ.ഇ. പി. ജയരാജൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' കെ. കുഞ്ഞിരാമൻ (ഉദുമ)
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിധി ഇളവ് അനുവദിക്കാവുന്ന തോട്ടവിളയായി കശുമാവ് കൃഷിയെ അംഗീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം തോട്ടവിളകളെയാണിപ്പോൾ ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്;

(സി) പുതുതായി കശുമാവ്കൃഷി ചെയ്യുന്നതിന് ഭൂപരിധിയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിലേക്ക് എത്ര അപേക്ഷകൾ ഇതിനകം റവന്യു വകുപ്പിൽ ലഭിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി</u>

5493 ശ്രീ. സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലാന്റ് ബാങ്കിന്റെ ഉദ്ദേശലക്ഷ്യവും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ഭൂമിയുടെ വലിയൊരുഭാഗം സർവ്വേ നടത്തി രേഖയാക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനുള്ള പ്രവർത്തനം ജി. പി. എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ ശക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>റീസര്‍വേ പ്രവര്‍ത്തനങ്ങള്‍</u>

5494 ശ്രീ. വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റീസര്‍വ്വേ പ്രവര്‍ത്തനങ്ങള്‍ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സര്‍വ്വേ ആന്‍റ് ലാന്‍റ് റിക്കോര്‍ഡ്സ് ഡയറക്ടറേറ്റില്‍ നിലവിലുള്ളത് ;

(ബി) പ്രസ്തുത റീസര്‍വ്വേ പ്രോജക്ട് ഓഫീസുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ;

(സി) ആധുനിക സാങ്കേതിക വിദ്യകള്‍ ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ടോ ;

(ഡി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കണ്‍സല്‍ട്ടന്‍സികളെ നിയോഗിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സമയബന്ധിതമായി റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിന് ഒരു 'പ്രത്യേക പാക്കേജ്'</u>

5495 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടി പൂർത്തിയാക്കുന്നതിനു വേണ്ടുന്നതിലേറെ കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലോചിതമായി ആധുനികസങ്കേതങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടിയ്ക്ക് ആലോചനയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) നിലവിൽ ഈ ജോലികളുമായി ബന്ധപ്പെട്ടുള്ള സർവ്വീസ് സംഘടനകളുമായി പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച് ചർച്ചയ്ക്ക് തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ടോറൻസ് സമ്പ്രദായം</u>

5496 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ടോറൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ റീസർവ്വേ നടപടികളിൽ ടോറൻസ് സമ്പ്രദായം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടോറൻസ് സമ്പ്രദായം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം

5497 ശ്രീ. കെ. അച്ചുതൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രോഗ്രാമനുസരിച്ച് വില്ലേജുകളിലെ ഭൂസർവ്വേ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രോഗ്രാം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>റീസർവ്വേ പൂർത്തിയാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

5498 ശ്രീ. ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) അതിനായി ഏരിയൽ ഫോട്ടോഗ്രാമെട്രിയും ഗ്രൗണ്ട് സർവ്വേയും യോജിപ്പിച്ചുള്ള ഹൈബ്രിഡ് സർവ്വേ നടത്തുവാൻ തയ്യാറാകുമോ;

(സി) ഇതു സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

റീസർവ്വേയിലെ അപാകതകൾ

5499 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന റീ സർവ്വേമൂലം ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായും അപാകത പരിഹരിക്കുന്നതിന്റെ പേരിൽ ഉദ്യോഗസ്ഥൻമാർ വൻ തോതിൽ കൈക്കൂലി സമ്പാദിച്ചിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെയടിസ്ഥാനത്തിൽ റീസർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് താലൂക്ക് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) മേലിൽ റീസർവ്വേ സർക്കാർ ഭൂമിയിൽ മാത്രം നടത്തിയാൽ മതിയെന്നും സ്വകാര്യ ഭൂമികളിൽ അതാത് ഉടമസ്ഥൻമാർ ആവശ്യപ്പെട്ടു എങ്കിൽ മാത്രം സർവ്വേ നടത്തിയാൽ മതിയെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>റീ സർവ്വേ - ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ</u>

5500 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന റീ സർവ്വേയിൽ അപാകതകളും കൃത്രിമങ്ങളും നടത്തിയതിന്റെ പേരിൽ സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്തിരിക്കുന്ന എത്ര ഉദ്യോഗ്സ്ഥന്മാരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചു ;

(ബി) എന്തടിസ്ഥാനത്തിലാണ് സസ്പെന്റ് ചെയ്തിരുന്ന ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആദിവാസി വനസർവ്വേ</u>

5501 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വനസർവ്വേയിൽ എത്ര ജീവനക്കാർ ജോലി ചെയ്തു; ചെലവാക്കിയ തുക എത്ര;

(ബി) ചെയിൻമാൻ കൂലിയിനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) സർവ്വേയർമാർക്ക് നൽകാനുള്ള കൂലിയിനത്തിൽപ്പെട്ട തുക എത്ര?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി</u>

5502 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിനെ എൻഫോഴ്സ്മെന്റ്, മിനിസ്റ്റീരിയൽ എന്നിങ്ങനെ തരംതിരിച്ച് പുന:സംഘടിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന് ഏതെങ്കിലും കമ്മിറ്റിയോ ഏജൻസിയോ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് പറയാമോ;

(സി) ലീഗൽ മെട്രോളജി വകുപ്പിൽ ജീവനക്കാരുടെ കുറവ് റവന്യൂ സമാഹരണം, ഉപഭോക്തൃ സംരക്ഷണം, വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അളവുതൂക്കങ്ങൾക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് നടപടി</u>

5503 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈക്കം നിയോജക മണ്ഡല പരിധിയിൽ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും ഇതിൽ പെട്രോൾ പമ്പുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരിശോധനയിൽ ക്രമക്കേടുകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന് എത്ര കേസുകൾ വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധന</u>

5504 ശ്രീ.റ്റി.എ. അഹമ്മദ് കബീർ
,, കെ.എം.ഷാജി
,, കെ.എൻ.എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലീഗൽ മെട്രോളജി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) 2010-11 വർഷത്തിൽ ഈ കാര്യത്തിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അതിനു എന്തു ചെലവാണ് ഉണ്ടായതെന്നും വിശദമാക്കുമോ;

(സി) വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അവരുടെ ജോലിയിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പരിശീലനപരിപാടികളാണ് നടപ്പാക്കിവരുന്നതെന്നും, നടപ്പു സാമ്പത്തികവർഷം എന്തൊക്കെ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) സ്വർണ്ണ പരിശോധനാ ലബോറട്ടറിയിലെ എത്ര പേർക്ക് വിദഗ്ദ്ധ പരിശീലനം ഇതേ വരെ നല്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വിജിലൻസ് കോടതികളിൽ സമർപ്പിച്ച കേസുകൾ</u>

5505 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ച് വിജിലൻസ് കോടതികളിൽ കുറ്റപ്പത്രം സമർപ്പിച്ച ഢഇ 10/99 കേസിലെ പ്രതികളെ സംരക്ഷിക്കുന്ന വിധം മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ബി) പ്രതികളെ സംരക്ഷിച്ചതു മൂലം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കുറ്റക്കാർക്കെതിരെ നടപടി എടുക്കാൻ സർക്കാർ നിർദ്ദേശിക്കുമോ;

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശം അവഗണിച്ചവർക്കെതിരെ സിവിലായും ക്രിമിനലായും നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>വിജിലൻസ് പരിശോധനകൾ</u>

5506 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം വകുപ്പുകളിലാണ് വിജിലൻസ് റെയിഡുകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ആരുടെ എല്ലാംപേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിലെ വിജലൻസ് കേസ്സുകൾ</u>

5507 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗം വഴി അന്വേഷണം നടത്തി വി.എ.സി.ബി വഴി രജിസ്റ്റർ ചെയ്യുവാൻ എത്ര ശുപാർശകൾ 2009 - 10, 2010 - 11 കാലയളവുകളിൽ നൽകിയിട്ടുണ്ടെന്നും പ്രസ്തുത ശുപാർശകളിൻമേൽ നാളിതുവരെ വിജിലൻസ് വകുപ്പ് എന്തു തീരുമാനമെടുത്തിട്ടുണ്ടെന്നുമുള്ള വിവരം നൽകാമോ;

(ബി) സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗം രജിസ്റ്റർ ചെയ്യാൻ വി.എ.സി.ബി യ്ക്ക് നൽകിയ കേസ്സുകളുടെ എണ്ണവും പേരുവിവരവും അതിന്റെ ഇപ്പോഴത്തെ അവസ്ഥയും എന്താണെന്ന് വ്യക്തമാക്കുമോ?